## ബി: ഖുർആനിലെ തെരെഞ്ഞെടുത്ത അധ്യായങ്ങൾ

## യൂണിറ്റ് – 04 – സൂറ: അൽ-ഫാതിഹ: (പരിഭാഷ: 1–4)

1. ശപിക്കപ്പെട്ട പിശാചിൽ നിന്നും ഞാൻ അല്ലാഹുവിനോട് അഭയം തേടുന്നു.
2. പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.
3. സ്തുതി ലോക രക്ഷിതാവായ അല്ലാഹുവിന്നാകുന്നു.
4. പരമ കാരുണികനും കരുണാനിധിയുമായ.
5. പ്രതിഫലദിവസത്തിന്റെ ഉടമസ്ഥൻ.

| | | | |
|---|---|---|---|
| ۞ الرجيم | من الشيطان | بالله | أعوذ |
| ശപിക്കപ്പെട്ട | പിശാചിൽനിന്ന് | അല്ലാഹുവിനോട് | ഞാൻ അഭയം തേടുന്നു |
| ********* ******بسم الله الرحمٰن الرحيم: سورةُ الفاتحة************* | | | |
| الرحيم ﴿1﴾ | الرحمٰن | الله | بسم |
| കരുണാനിധി | പരമ കാരുണികൻ | അല്ലാഹുവിന്റെ | നാമത്തിൽ |
| العٰـلمين ﴿2﴾ | رب | لله | الحمد |
| ലോകങ്ങളുടെ | രക്ഷിതാവായ | അല്ലാഹുവിന്നാകുന്നു | സ്തുതി |
| الرحيم ﴿3﴾ | | الرحمٰن | |
| കരുണാനിധി | | പരമ കാരുണികൻ | |
| الدين ﴿4﴾ | | يوم | مٰـلك |
| പ്രതിഫലം നൽകുന്ന | | ദിവസത്തിൻെറ | ഉടമസ്ഥൻ |

**വ്യാകരണം:** സ്വതന്ത്ര സർവ്വനാമങ്ങൾ

**(TPI – Total Physical Interaction) പൂർണ ഭൗതിക പങ്കാളിത്തം എന്ന രീതിയുപയോഗിച്ച് ഈ പദങ്ങൾ പഠിക്കുക:**

| | സ്വതന്ത്ര സർവ്വനാമങ്ങൾ | | *നമ്പർ* | *പുരുഷൻ* |
|---|---|---|---|---|
| • هو (അവൻ) എന്നു പറയുമ്പോൾ വലതു കയ്യിലെ ചൂണ്ടുവിരൽ വലതുഭാഗത്തിരിക്കുന്നയാളുടെ നേരെ ചൂണ്ടുക. هم (അവർ) എന്നു പറയുമ്പോൾ നാലു വിരലുകൾ അപ്രകാരം ചെയ്യുക. ക്ലാസിൽ അധ്യാപകനും വിദ്യാർത്ഥികളും ഒരുമിച്ച് ഇപ്രകാരം അഭ്യസിക്കുക. | അവൻ | هو | ഏ.വ | 3rd |
| | അവർ | هم | ബ.വ | |
| • أنت (നീ) എന്നു പറയുമ്പോൾ വലതു കയ്യിലെ ചൂണ്ടുവിരൽ മുൻഭാഗത്തിരിക്കുന്നയാളുടെ നേരെ ചൂണ്ടുക. أنتم (നിങ്ങൾ) എന്നു പറയുമ്പോൾ നാലു വിരലുകൾ അപ്രകാരം ചെയ്യുക. ക്ലാസിൽ അധ്യാപകൻ വിദ്യാർത്ഥികളുടെ നേരെയും വിദ്യാർത്ഥികൾ അധ്യാപകൻെറ നേരെയും വിരൽ ചൂണ്ടണം. | നീ | أنت | ഏ.വ | 2nd |
| | നിങ്ങൾ | أنتم | ബ.വ | |
| • أنا (ഞാൻ) എന്നു പറയുമ്പോൾ വലതു കയ്യിലെ ചൂണ്ടുവിരൽ നിങ്ങളുടെ നേരെ ചൂണ്ടണം. نحن (ഞങ്ങൾ) എന്നു പറയുമ്പോൾ നാലു വിരലുകൾ അപ്രകാരം ചെയ്യുക. | ഞാൻ | أنا | ഏ.വ | 1st |
| | ഞങ്ങൾ | نحن | ബ.വ | |

*കുറിപ്പ്:* 1st – ഉത്തമപുരുഷൻ, 2nd – മദ്ധ്യമ പുരുഷൻ, 3rd – പ്രഥമ പുരുഷൻ.

## പഠനക്കുറിപ്പുകൾ: